**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്ക് നൽകി വരുന്ന ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വനം വകുപ്പ് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകി വരുന്ന ഇൻഷ്വറൻസ് പരിരക്ഷ മുടങ്ങാനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള പ്രപ്പോസൽ ചർച്ച ചെയ്യുന്നതിന് 20.01.2022 ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഒരു യോഗം ചേർന്നിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ് . |
| (ബി) | പോളിസി കാലാവധി അവസാനിച്ച മൂന്നു മാസങ്ങൾക്കു ശേഷവും പോളിസി പുതുക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള പ്രപ്പോസൽ ചർച്ച ചെയ്യുന്നതിന് 20.01.2022 ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഒരു യോഗം ചേർന്നിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ് . |
| (സി) | ഇതിലൂടെ എത്രപേർക്കാണ് ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റു വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ള 18,750 പേർക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രൊപ്പോസലാണ് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി വനം വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകിയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| വർഷം | എണ്ണം |
|---|---|
| 2016-17 | 9 |
| 2017-18 | 5 |
| 2018-19 | 11 |
| 2019-20 | 38 |
| 2020-21 | 26 |
| ആകെ | 89 |